**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശസ്വയംഭരണ വകുപ്പ് - പിറവം ഗ്രാമപഞ്ചായത്ത്- ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്ന് 62,19,000/- രൂപ കൂടി വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

## തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ (സാധാ)നം: 1275/2012/തസ്വഭവ** | **തിരുവനന്തപുരം, തീയതി: 04/05/2012**

---

**പരാമർശം:-** 1. സ.ഉ (സാധാ)നം.1890/08/തസ്വഭവ തീയതി: 3/7/2008.
2. സ.ഉ (എം.എസ്) 147/09/തസ്വഭവ തീയതി: 29/7/2009.
3. പിറവം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30/4/12-ലെ യോഗത്തിലെ (1)-ാം നമ്പർ തീരുമാനം
4. കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 24/4/12-ലെ കെ.യു.ആർ.ഡി.എഫ്.സി/ജിപി/160/10 നമ്പർ സമ്മത പത്രം.
5. പഞ്ചായത്ത് ഡയറക്ടറുടെ 2/5/12-ലെ സി1-12457/12 നമ്പർ കത്ത്.

## ഉത്തരവ്

പിറവം ഗ്രാമപഞ്ചായത്തിന്റെ മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട നിർമ്മാണത്തിന് കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും ഒരു കോടി അൻപത് ലക്ഷം രൂപ വായ്പയെടുക്കുവാൻ പരാമർശം (2) ഉത്തരവ് പ്രകാരം പഞ്ചായത്തിന് അനുവാദം നൽകിയിരുന്നു. അംഗീകാരം ലഭിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഏതാനും അടിയന്തിര പ്രവർത്തികൾ കൂടി ചെയ്തെങ്കിൽ മാത്രമേ കെട്ടിട നിർമ്മാണം തൃപ്തികരമായി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് എസ്.എൽ.റ്റി.സി-യുടെ സാങ്കേതിക അനുമതി ലഭ്യമാക്കിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പദ്ധതി അടങ്കൽ 2 കോടി 81 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പദ്ധതി അടങ്കൽ തുക വർദ്ധിപ്പിച്ച സാഹചര്യത്തിൽ കൂടിയ തുക വായ്പ എടുത്തെങ്കിൽ മാത്രമേ കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പദ്ധതിയുടെ പുതുക്കിയ സാങ്കേതികാനുമതി പ്രകാരം ആവശ്യമായ 2,79,10,000/- രൂപയിൽ മുൻപ് അനുവദിച്ച തുകയായ 1.50 കോടി രൂപയും പഞ്ചായത്ത് വിഹിതമായ 60 ലക്ഷം രൂപയും കൂടാതെ 62,19,000/- രൂപ കൂടി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും വായ്പ എടുക്കുന്നതിന് അനുവാദം നൽകണമെന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി പരാമർശം (3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ സമ്മതപത്ര പ്രകാരം 62,19,000/- രൂപ കൂടി അധിക വായ്പയായി പിറവം ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പുതുക്കിയ സാങ്കേതികാനുമതി പ്രകാരം ആവശ്യമായ 2,79,10,000/- രൂപയിൽ നിന്നും നാളിതുവരെ അനുവദിച്ചിട്ടുള്ള 1,50,00,000/- രൂപയും പഞ്ചായത്ത് വിഹിതമായ 60 ലക്ഷം രൂപയും കഴിച്ചുള്ള 69,10,000/- രൂപയുടെ 90% തുകയായ 62,19,000/- (അറുപത്തി രണ്ട് ലക്ഷത്തി പത്തൊമ്പതിനായിരം) രൂപ

( ... 2)

കൂടി പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾക്കു വിധേയമായി കെ.യു.ആർ.ഡി. എഫ്.സി-യിൽ നിന്നും വായ്പ എടുക്കുന്നതിന്, പിറവം ഗ്രാമപഞ്ചായത്തിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

വി.ശോഭ

ഗവ.അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, പിറവം ഗ്രാമപഞ്ചായത്ത്, മാറംപള്ളി പി.ഒ, എറണാകുളം – 683 107

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം- 14

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.